# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്

## പുതിയ യെരൂശലേം

## (2)

Tue നൂറ്റാണ്ടുകളായി വെളിപ്പാട് 21-ഉം 22-ഉം അധ്യായങ്ങളുടെ പൊരുൾ ക്രിസ്ത്യാനികളിൽനിന്നും മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നു. അനേകരും ഈ അധ്യായങ്ങളെ വളരെ സ്വാഭാവികമായ രീതിയിൽ മനസ്സിലാക്കുകയും അവയെ ഒരു ഭൗതികനഗരത്തിന്റെ വിവരണമായി പരിഗണിക്കുകയും ചെയ്തു. നാം ചെറുപ്പമായിരുന്നപ്പോൾ സ്വർണനഗരത്തെയും സ്വർണവീഥിയെയുംകുറിച്ചുള്ള സുവിശേഷഗാനങ്ങൾ കേട്ടിട്ടുണ്ട്.

യേശു ക്രിസ്തുവിന്റെ വെളിപ്പാട് അടയാളങ്ങളാലാണ് അറിയിച്ചുകൊടുത്തതെന്ന് വെളിപ്പാട് പുസ്തകത്തിന്റെ ഒന്നാം വാക്യം പറയുന്നു. ഈ പുസ്തകം നാം മനസ്സിലാക്കണമെങ്കിൽ, എല്ലാ അടയാളങ്ങളുടെയും അർഥം നാം അറിയണം. ഉദാഹരണത്തിന്, ഒന്നാം അധ്യായത്തിലെ ഏഴു പൊൻനിലവിളക്കുകളും, പന്ത്രണ്ടാം അധ്യായത്തിലെ സാർവത്രിക ശോഭയുള്ള സ്ത്രീയും അടയാളങ്ങളാണ്. അതുകൂടാതെ, ഈ പുസ്തകത്തിൽ ക്രിസ്തു സിംഹമെന്നും കുഞ്ഞാടെന്നും വിളിക്കപ്പെട്ടിരിക്കുന്നു, അതും അടയാളങ്ങളാണ്. ഇതേ രീതിയിൽ, പുതിയ യെരൂശലേം എന്ന മുഴുവൻ നഗരവും ഒരു അടയാളമാണ്.

നൂറ്റാണ്ടുകളിലുടനീളം സഭയെക്കുറിച്ച് ക്രിസ്ത്യാനികൾ സംസാരിച്ചിട്ടുള്ളത് സഭ എന്താണെന്നതിനെക്കുറിച്ചുള്ള അവരുടെ തെറ്റായ ധാരണയിൽനിന്നും പുറപ്പെട്ടുവന്നതാണ്. ചിലർ സഭയിൽ പോകുന്നതിനെക്കുറിച്ചു സംസാരിക്കുമ്പോൾ, അവർ ഒരു ഉയർന്ന ഗോപുരവും ഒരു മണിയും ഉള്ള ഒരു വലിയ കെട്ടിടത്തെ പരാമർശിക്കുന്നു. അവരുടെ ധാരണയിൽ ഒരു പ്രത്യേക തരം കെട്ടിടമാണ് സഭ. ചില യുഗങ്ങളിലെ രേഖാചിത്രങ്ങൾപോലും സഭയെ പ്രതിനിധീകരിക്കുന്നതിനായി ഒരു ഗോപുരാഗ്രത്തോടുകൂടിയ കെട്ടിടത്തിന്റെ പ്രതിരൂപത്തെ ഉപയോഗിക്കുന്നു. അങ്ങനെയുള്ള ഒരു കാര്യം ഒരു പള്ളിയായിരിക്കും, അത് തീർച്ചയായും സഭയല്ല.

കഴിഞ്ഞ നൂറ്റാണ്ടിൽ ഉയർത്തപ്പെട്ട ബ്രദറൻ പ്രസ്ഥാനത്തിന് സഭയെ സംബന്ധിച്ച് മെച്ചപ്പെട്ട പരിജ്ഞാനമുണ്ട്. അവർക്ക് സഭ ഒരു കെട്ടിടമല്ല; അത് വിളിക്കപ്പെട്ടവരുടെ ഒരു കൂടിവരവാണ്. വിശ്വാസികൾ ഒരുമിച്ചു കൂടുമ്പോൾ അവരുടെ കൂടിവരവാണ് സഭ. ഈ അറിവ് ശരിയാണെങ്കിലും, ഇത് ഏറെക്കുറെ ആഴമില്ലാത്തതാണ്. സഭ ഇതിലും ആഴമേറിയതാണ്. വീണ്ടുംജനിച്ച ആയിരം ക്രിസ്ത്യാനികൾ ഒരുമിച്ചുകൂടുന്നുവെന്നു സങ്കല്പിക്കുക; എങ്കിലും അവർ അന്യോന്യം വഴക്കിടുകയും, പോരാടുകയും, വിമർശിക്കുകയും, ജഡത്തിൽ ജീവിക്കുകയും ചെയ്യുന്നു. ഇതാണോ സഭ? അല്ല, ഇത് സഭയോ വിശുദ്ധന്മാരുടെ കൂടിവരവോ അല്ല; ദൈവത്തിന്റെ ദൃഷ്ടിയിൽ ഇത് ജഡത്തിന്റെ കൂടിവരവാണ്. ഒരു സഭയുടെ കമ്മിറ്റിയോഗത്തിൽ ഒരു കമ്മിറ്റിയംഗം മറ്റൊരു കമ്മിറ്റിയംഗത്തിന്മേൽ വേദപുസ്തകം എറിയുകപോലും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു കൂടിവരവ് തീർച്ചയായും സഭയുടെ ഒരു യോഗമല്ല.

വേദപുസ്തകത്തിന്റെ അവസാനത്തെ പുസ്തകത്തിൽ സഭയെ ശോഭയുള്ളതും, നിർമലവും, പ്രകാശിക്കുന്നതുമായ ഒരു പൊൻനിലവിളക്കിനാൽ സൂചിപ്പിച്ചിരിക്കുന്നു. സഭ ആഴമേറിയതും മാർമികവും മാനുഷിക ഭാഷയിൽ പര്യാപ്തമാംവണ്ണം വിവരിക്കുവാൻ കഴിയാത്തതും ആയതുകൊണ്ട് സഭയെ പ്രതീകവൽക്കരിക്കുവാൻ കർത്താവ് ഒരു നിലവിളക്കിനെ ഉപയോഗിക്കുന്നു. അങ്ങനെ, സഭയെ പ്രതിനിധീകരിക്കുവാൻ കർത്താവ് ഒരു അടയാളം, ഒരു പ്രതീകം ഉപയോഗിക്കുവാൻ നിർബന്ധിതനായി. സഭ ഒരു പൊൻനിലവിളക്കാണെന്ന് നിങ്ങൾ കാണുമ്പോൾ, സഭ എന്താണെന്ന് നിങ്ങൾ അറിയും. എങ്കിലും, സഭയെ നിർവചിക്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ, അതു ചെയ്യുവാൻ അപ്പോഴും നിങ്ങൾ അപ്രാപ്തനായിരിക്കും. സഭ മാർമികവും, ദിവ്യവും, നിർമലവും, മാനുഷിക വാക്കുകൾക്ക് പര്യാപ്തമാംവണ്ണം നിർവചിക്കുവാൻ കഴിയാത്തതും ആണ്. ഇക്കാരണത്താൽ, സഭയുടെ പൂർണ്ണമായ ഒരു നിർവചനം പുതിയനിയമത്തിൽ ഒരിടത്തും നാം കാണുന്നില്ല. എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ ക്രിസ്തുവിന്റെ ശരീരമാണ് സഭയെന്ന് എഫെസ്യർ 1:22-23 പറയുന്നു. എന്നാൽ എന്താണ് "നിറവ്" എന്ന പദം അർഥമാക്കുന്നത്? എന്താണ് "എല്ലാറ്റിലും എല്ലാം നിറയ്ക്കുക" എന്നത് അർഥമാക്കുന്നത്? സഭ എന്ന പ്രയോഗത്തെ മനസ്സിലാക്കുന്നതുതന്നെ പ്രയാസമാണ്, "ശരീരം," "നിറവ്," "എല്ലാറ്റിലും എല്ലാം" എന്നീ പ്രയോഗങ്ങൾ അതിലുമധികം പ്രയാസമാണ്. അതുകൊണ്ട്, വേദപുസ്തകത്തിന്റെ ആത്യന്തിക ഉപസംഹാരമായ വെളിപ്പാട് പുസ്തകത്തിൽ, ആത്മിക യാഥാർഥ്യങ്ങളെ അറിയിച്ചുതരുവാൻ നിരവധി അടയാളങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

സഭ ഒരു പൊൻനിലവിളക്കാണെന്ന് നാം പറയുമ്പോൾ സഭ വാസ്തവത്തിൽ ഏഴു ദീപങ്ങളോടുകൂടിയ ഒരു വിളക്കുതണ്ടാണെന്ന് നാം അർഥമാക്കുന്നില്ല. ഈ രീതിയിൽ വിഷയത്തെ മനസ്സിലാക്കുന്നത് തെറ്റാണ്. കുഞ്ഞാടായ ക്രിസ്തുവിനെ സംബന്ധിച്ച വിവരണവും അങ്ങനെതന്നെ. തീർച്ചയായും നമ്മുടെ കർത്താവ് നാലു കാലും ഒരു വാലുമുള്ള അക്ഷരാർഥത്തിലുള്ള ഒരു കുഞ്ഞാടല്ല. ഈ രീതിയിൽ വേദപുസ്തക അടയാളങ്ങൾ മനസ്സിലാക്കുന്നത് എത്രമാത്രം തെറ്റാണ്! കുഞ്ഞാടെന്നത് കർത്താവിനെ സംബന്ധിച്ച ഒരു പ്രത്യേക കാര്യത്തെ സൂചിപ്പിക്കുന്ന ഒരു അടയാളമാണ്. അതുകൊണ്ട്, വെളിപ്പാട് പുസ്തകം സഭയെ ഒരു പൊൻനിലവിളക്കായി ചിത്രീകരിക്കുമ്പോൾ അത് അർഥമാക്കുന്നത് സഭ ദിവ്യവും നിർമലവും ആകുന്നു എന്നാണ്; സഭയ്ക്ക് ഇരുട്ടിൽ പ്രകാശിക്കുന്ന ഒരു വിളക്കും ഉണ്ട്. ഇതാണ് സഭ പൊൻനിലവിളക്കായിരിക്കുന്നതിന്റെ പ്രാധാന്യവും ശരിയായ അർഥവും.

പുതിയ യെരൂശലേം എന്ന നഗരവും ഒരു അടയാളം, ഒരു സർവവും ഉൾക്കൊള്ളുന്ന അടയാളം ആണ്. ഈ അടയാളത്തെ മനസ്സിലാക്കണമെങ്കിൽ, നമ്മുടെ മനസ്സ് പൂർണ്ണമായി പുതുക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും വേണം. നമ്മുടെ സ്വാഭാവിക ധാരണയ്ക്കനുസരിച്ച് നാം പുതിയ യെരൂശലേമിനെ മനസ്സിലാക്കരുത്. പുതിയ യെരൂശലേം വാസ്തവത്തിൽ ഒരു സമചതുര ഭൗതിക നഗരമാണെന്ന് ചിലർ വാദിക്കുന്നു. ഇത്തരത്തിലുള്ള ഒരു സ്വാഭാവിക ധാരണയാണ് നമുക്കുള്ളതെങ്കിൽ, ഒരു അടയാളമായി പുതിയ യെരൂശലേമിനെ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. ദൈവത്തിന്റെ വാസസ്ഥലമെന്ന നിലയിൽ പുതിയ യെരൂശലേം ദൈവത്തിന്റെ നിത്യമായ കെട്ടിടത്തെ സൂചിപ്പിക്കുന്ന ഒരു അടയാളമാണ്. തീർച്ചയായും ദൈവത്തിന്റെ നിത്യമായ കെട്ടിടം ഒരു ഭൗതികസ്ഥലമല്ല; അത് ജീവനുള്ള ഒന്നാണ്. ഒരു ഭൗതിക നഗരമായിരിക്കുന്നതിനുപകരം അത് അവന്റെ ദിവ്യജീവനാൽ സംരചിക്കപ്പെട്ട ഒരു അസ്തിത്വമാണ്. ഇത് മാനുഷിക ഭാഷയാൽ പര്യാപ്തമാംവണ്ണം വിവരിക്കുവാൻ കഴിയാത്തത്ര മാർമികവും, ആഴമേറിയതും, അഗാധവുമാണ്. അതുകൊണ്ട്, അതിനെ നമുക്ക് വെളിപ്പെടുത്തിത്തരുവാൻ ദൈവം തന്റെ ജ്ഞാനത്തിൽ ഒരു ചിത്രം, ഒരു അടയാളം ഉപയോഗിക്കുന്നു. ഈ തത്ത്വം മനസ്സിൽ വച്ചുകൊണ്ട് ഇനി നമുക്ക് പുതിയ യെരൂശലേം എന്ന നഗരത്തിന്റെ വിവിധങ്ങളായ വിശദാംശങ്ങളെയും വശങ്ങളെയും ചിന്തിക്കാം.

## VII. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരുമടങ്ങുന്ന ജീവനുള്ള സംരചന

പുതിയ യെരൂശലേം ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരുമടങ്ങുന്ന ജീവനുള്ള സംരചനയാണ്. ഇത് ഇങ്ങനെയുള്ള ഒരു

സംരചനയാണെന്ന വസ്തുത അർഥമാക്കുന്നത് ഇത് ജീവനുള്ള ഒരു കെട്ടിടമാകുന്നു എന്നാണ്. ദൈവത്തിന്റെ ജനം ജീവനുള്ള ഒരു കെട്ടിടമാണെന്ന ചിന്ത ആദ്യമായി കാണുന്നത് വെളിപ്പാട് പുസ്തകത്തിലല്ല. പഴയനിയമത്തിൽ ദൈവത്തിന്റെ ജനം അവന്റെ വാസസ്ഥലമായി ഒരുമിച്ചു പണിയപ്പെടുവാനുള്ള സാമഗ്രിയായി കണക്കാക്കപ്പെടുന്നുവെന്ന് നാം കാണുന്നു.

വേദപുസ്തകം ദൈവത്തിന്റെ സൃഷ്ടിപ്പും ദൈവത്തിന്റെ കെട്ടിടവും എന്ന രണ്ടു മുഖ്യകാര്യങ്ങളെക്കുറിച്ചു പറയുന്നു. വേദപുസ്തകത്തിന്റെ ആരംഭത്തിൽ നമുക്ക് സൃഷ്ടിപ്പും അവസാനം നമുക്ക് കെട്ടിടവും ഉണ്ട്. ഈ രണ്ട് അറ്റങ്ങൾക്കിടയിൽ ദൈവത്തിന്റെ കെട്ടുപണിയുടെ വേലയുണ്ട്. സൃഷ്ടിപ്പിൽ ദൈവം കെട്ടുപണിയുടെ വസ്തുക്കളെ ഉളവാക്കി. അവന്റെ കെട്ടുപണിയുടെ വേല അവൻ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ ഈ സകല വസ്തുക്കളെയും ഒരു ഏകകമായി ഒരുമിച്ചു യോജിപ്പിക്കുന്നു. അതാണ് അവന്റെ കെട്ടിടം.

ഉല്പത്തി 2-ൽ നമുക്ക് സൃഷ്ടിക്കപ്പെട്ട ഒരു തോട്ടവും, വെളിപ്പാട് 21-ൽ നിർമ്മിക്കപ്പെട്ട ഒരു നഗരവും ഉണ്ട്. തോട്ടം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രകൃതിസംബന്ധമായ ഒന്നും, നഗരം അവനാൽ പണിയപ്പെട്ട ഒന്നും ആണ്. പുതിയ യെരൂശലേം പ്രകൃത്യാ ഉള്ള ഒരു തോട്ടമല്ല; അത് പണിയപ്പെട്ട ഒരു നഗരമാണ്. ഉല്പത്തി 2-ലെ തോട്ടത്തിൽ ജീവവൃക്ഷവും, ജീവവൃക്ഷത്തിനടുത്ത് നാലു ദിക്കുകളിലേക്ക് ഒഴുകുന്ന ഒരു നദിയും ഉണ്ട് (ഉല്പ. 2:8-10). ഈ നദിയുടെ ഒഴുക്കിനാൽ നമുക്ക് പൊന്നും, ഗുൽഗുലുവും, വിലയേറിയ. കല്ലായ ഗോമേദകവും ഉണ്ട്. ഇവിടെ പറയുന്ന ഗുൽഗുലു ഒരു വൃക്ഷത്തിൽനിന്നു സ്രവിക്കുന്ന പശയാണ്; അത് മുത്തുപോലെയുള്ള ഒരു പദാർത്ഥത്തെ രൂപപ്പെടുത്തുവാൻ കട്ടിയായിത്തീരുന്നു. വേദപുസ്തകത്തിൽ ആദ്യമായി പരാമർശിച്ചിരിക്കുന്ന കല്ല് സാധാരണമായ, പൊതുവായ കല്ലല്ല, പിന്നെയോ വിലയേറിയ കല്ലിന്റെ ഒരു മുൻകുറിയായ ഗോമേദകമാണ്.

ഉല്പത്തി 2-ൽ പറഞ്ഞിരിക്കുന്ന പൊന്ന്, ഗുൽഗുലു, ഗോമേദകം എന്നീ വിലയേറിയ വസ്തുക്കൾ എന്തിനുവേണ്ടിയാണ് ഉപയോഗിച്ചത്? ഈ ചോദ്യത്തിനുള്ള ഉത്തരത്തിനായി നാം വേദപുസ്തകം മുഴുവനും വായിക്കണം.

മഹാപുരോഹിതന്റെ മാർപതക്കത്തിൽ വിലയേറിയ പന്ത്രണ്ടു കല്ലുകൾ പതിപ്പിച്ചിരുന്നു (പുറ. 28:15-21); അതിൽ ഒന്നാമത്തേത് താമ്രമണിയും (പത്മരാഗം) അവസാനത്തേത് സൂര്യകാന്തവും ആണ്. ഈ പന്ത്രണ്ടു കല്ലുകളിൽ ഉൾപ്പെട്ടിരുന്ന ഒന്ന് ഗോമേദകമായിരുന്നു. മഹാപുരോഹിതന്റെ മാർപതക്കം ഉല്പത്തി 2-നോടും വെളിപ്പാട് 21-നോടും ബന്ധപ്പെട്ടിരുന്നു

എന്ന് ഇതു സൂചിപ്പിക്കുന്നു, കാരണം ഉല്പത്തി 2-ൽ നമുക്ക് ഗോമേദകവും വെളിപ്പാട് 21-ൽ നമുക്ക് സൂര്യകാന്തവും ഉണ്ട്. മഹാപുരോഹിതന്റെ മാർപതക്കത്തിന്റെയും യിസ്രായേൽമക്കളുടെ പേരുകൾ കൊത്തിയിട്ടുള്ള രണ്ട് ഗോമേദകക്കല്ലുകളുടെയും വിവരണത്തിൽ (പുറ. 28:9-12) ദൈവത്തിന്റെ കെട്ടിടത്തിന്റെ ഒരു ചെറുപതിപ്പ് നാം കാണുന്നു. മാർപതക്കത്തിന്റെയും ചുമൽക്കണ്ടത്തിന്റെയും വിലയേറിയ കല്ലുകളിൽ യിസ്രായേൽഗോത്രം പന്ത്രണ്ടിന്റെയും പേരുകൾ ഉണ്ടായിരുന്നു. വീണ്ടെടുക്കപ്പെട്ട യിസ്രായേല്യർ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണെന്ന് ഇതു സൂചിപ്പിക്കുന്നു. മാർപതക്കത്തിലുള്ള വിലയേറിയ പന്ത്രണ്ടു കല്ലുകൾ പൊന്നിൽ പതിപ്പിച്ചതായിരുന്നു. വിലയേറിയ കല്ലുകളെയെല്ലാം പൊൻതടങ്ങളിൽ പിടിപ്പിച്ചിരുന്നു. തീർച്ചയായും ഇത് ദൈവത്തിന്റെ കെട്ടുപണിയുടെ ഒരു ചിത്രമാണ്. ഈ മാർപതക്കം ദൈവത്തെ ആവിഷ്കരിച്ച ഒരു കെട്ടുപണിയായിരുന്നു.

മാർപതക്കത്തിൽ ഊറീമും തുമ്മീമും വച്ചിട്ടുണ്ടായിരുന്നു (പുറ. 28:30). എബ്രായഭാഷയിൽ ഊറീം എന്നാൽ വെളിച്ചമെന്നും, തുമ്മീം എന്നാൽ തികവ് അഥവാ പൂർത്തീകരണം എന്നുമാണ് അർഥം. എബ്രായ അക്ഷരമാലയിലെ നാല് അക്ഷരങ്ങൾ കൊത്തിയിട്ടുള്ള ഒരു വിലയേറിയ കല്ലാണ് തുമ്മീമെന്ന് അനേകം വർഷങ്ങൾക്കുമുമ്പ് ഒരു എബ്രായ എഴുത്തുകാരൻ എഴുതിയ ഒരു ലേഖനത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. മഹാപുരോഹിതന്റെ മാർപതക്കത്തിലുള്ള പന്ത്രണ്ട് കല്ലുകളിൽ യിസ്രായേൽഗോത്രത്തിന്റെ പന്ത്രണ്ടു പേരുകൾ കൊത്തിയിട്ടുണ്ടായിരുന്നു. ഈ ഗോത്രങ്ങളുടെ പേരുകളിൽ എബ്രായ അക്ഷരമാലയിലെ ഇരുപത്തിരണ്ട് അക്ഷരങ്ങളിൽ പതിനെട്ട് അക്ഷരങ്ങൾ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. അതുകൊണ്ട് മഹാപുരോഹിതന്റെ മാർപതക്കത്തിൽ ഈ നാല് അക്ഷരങ്ങളുടെ കുറവുണ്ടായിരുന്നു. എങ്കിലും, ഈ നാല് അക്ഷരങ്ങൾ തുമ്മീമിൽ കൊത്തുകയും, ഈ കല്ല് മാർപതക്കത്തിലേക്ക് വയ്ക്കുകയും ചെയ്യപ്പോൾ തികവും പൂർത്തീകരണവും ഉണ്ടായിരുന്നു. അവിടെ എബ്രായ അക്ഷരമാലയിലെ ഇരുപത്തിരണ്ട് അക്ഷരങ്ങളും ഉണ്ടായിരുന്നു. വെളിച്ചം നല്കുന്നതിനായി മാർപതക്കത്തിലേക്കു വച്ച കല്ലായിരുന്നു ഊറീം. മഹാപുരോഹിതൻ കർത്താവിന്റെ മുമ്പാകെ പോയപ്പോൾ മാർപതക്കത്തിൽ ഈ അക്ഷരങ്ങളുണ്ടായിരുന്ന ചില കല്ലുകൾ പ്രകാശിക്കുകയും, മറ്റു സമയങ്ങളിൽ മറ്റു ചില കല്ലുകൾ പ്രകാശിക്കുകയും ചെയ്തിരുന്നുവെന്ന് ഈ ലേഖനത്തിന്റെ എഴുത്തുകാരൻ തുടർന്നു പറഞ്ഞു. അവ പ്രകാശിക്കുന്നതിനനുസരിച്ച് മഹാപുരോഹിതൻ ആ കല്ലുകളിൽനിന്നുള്ള അക്ഷരങ്ങൾ രേഖപ്പെടുത്തുകയും, അങ്ങനെ ചെയ്യുന്നതിലൂടെ അവൻ വാക്കുകളും വാചകങ്ങളും രൂപപ്പെടുത്തുകയും

ചെയ്തിരുന്നു. അങ്ങനെ, അവൻ കർത്താവിൽനിന്നുള്ള ഒരു ദൂതോ വിധിയോ സ്വീകരിച്ചിരുന്നു. അതുകൊണ്ട്, മാർപതക്കത്തിന്മേലുള്ള പ്രകാശിക്കലിലൂടെ ദൈവം തന്റെ ചിന്തയും, തന്റെ മനസ്സും, തന്റെ അനുഭൂതിയും പ്രകടമാക്കുകയും, ഈ രീതിയിൽ മഹാപുരോഹിതന് ദൈവത്തിന്റെ മനസ്സ് അറിയുവാൻ കഴിയുകയും ചെയ്തു. ഇത് ദൈവത്തിന്റെ ഇന്നത്തെ കെട്ടുപണിയുടെ ഒരു ചെറുപതിപ്പാണ്. ഇന്ന് കർത്താവിന്റെ ഹിതം സഭ എന്ന കെട്ടിടത്തിലൂടെ നാം അറിയുന്നു.

ഉല്പത്തി 28-ലെ വിവരണമനുസരിച്ച്, ഒരു ഉപായിയായിരുന്ന യാക്കോബ് ഒരു സ്വപ്നം കാണുകയും, അതിൽ ഭൂമിയിൽ വച്ചിരിക്കുന്നതും സ്വർഗത്തോളം എത്തുന്നതുമായ ഒരു ഗോവണി അവൻ കാണുകയും ചെയ്തു. അവൻ ഉറക്കത്തിൽനിന്നും ഉണർന്നപ്പോൾ, ആ സ്ഥലത്തെ ദൈവത്തിന്റെ ഭവനം എന്നു പേർവിളിച്ചു (ഉല്പ. 28:17). പിന്നീട് അവൻ തലയണയായി ഉപയോഗിച്ച കല്ല് എടുത്ത് അതിനെ ഒരു തൂണായി നിർത്തുകയും, എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും, അതിനെ ദൈവത്തിന്റെ ഭവനം എന്നു വിളിക്കുകയും ചെയ്തു (ഉല്പ. 28:18-19, 22).

കല്ലിനെക്കുറിച്ച് സെഖര്യാവിന്റെ പുസ്തകത്തിലും പരാമർശിച്ചിട്ടുണ്ട്. സെഖര്യാവ് 4:7 ആണിക്കല്ലിനെക്കുറിച്ചും, 3:9 ഏഴു കണ്ണുകളുള്ള കല്ലിനെക്കുറിച്ചും പറയുന്നു. സെഖര്യാവിലെ കല്ല് അടിസ്ഥാനക്കല്ലോ മൂലക്കല്ലോ അല്ല; അത് ഏഴു കണ്ണുകളുള്ള ആണിക്കല്ലാണ്. ഈ ഏഴു കണ്ണുകൾ വീണ്ടും വെളിപ്പാട് പുസ്തകത്തിൽ കുഞ്ഞാടിന്റെ ഏഴു കണ്ണുകളായി പ്രത്യക്ഷപ്പെടുന്നു (5:6). അങ്ങനെ, ഏഴു കണ്ണുകൾ കല്ലിനെ കുഞ്ഞാടിനോട് ബന്ധപ്പെടുത്തുന്നു, അവൻ സിംഹവും ആകുന്നു (5:5). ഇക്കാരണത്താൽ നാം സിംഹ-കുഞ്ഞാട്-കല്ലിനെക്കുറിച്ചു സംസാരിക്കുന്നു.

പത്രൊസ് ആദ്യമായി കർത്താവിനെ കണ്ടുമുട്ടിയപ്പോൾ കർത്താവ് അവന്റെ പേര് ശീമോനിൽനിന്നും കേഫാവ് എന്നു മാറ്റി: അതിന്റെ അർഥം ഒരു കല്ല് എന്നാണ് (യോഹ. 1:42). കർത്താവ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്ന വെളിപാട് പത്രൊസിന് ലഭിച്ചതിനുശേഷം കർത്താവു പറഞ്ഞു, "നീ ഒരു കല്ലാകുന്നു എന്നും ഞാൻ നിന്നോടു പറയുന്നു: ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ. 16:18, അക്ഷരാർഥത്തിൽ). ഈ ഒരു വാക്യത്തിൽ നമുക്ക് കല്ലും പാറയും ഉണ്ട്. പിന്നീട്, തന്റെ ഒന്നാമത്തെ ലേഖനത്തിൽ പത്രൊസ് പറഞ്ഞു, "മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്, നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ, ആത്മികഗൃഹമായി യേശു ക്രിസ്തുവിലൂടെ

ദൈവത്തിനു സ്വീകാര്യമായ ആത്മികയാഗങ്ങൾ അർപ്പിക്കുവാൻ വിശുദ്ധ പുരോഹിതവർഗമായി പണിയപ്പെടുന്നു" (1 പത്രൊ. 2:4-5). അതുകൊണ്ട്, വിശ്വാസികൾ ദൈവത്തിന്റെ നിവാസത്തിനുവേണ്ടി പണിയപ്പെടേണ്ട കല്ലുകളാകുന്നു എന്ന ധാരണ വെളിപ്പാട് പുസ്തകത്തിൽ പുതിയതല്ല. ഇത് പഴയനിയമത്തിലും പുതിയനിയമത്തിലും പലയിടങ്ങളിൽ കാണപ്പെടുന്നു.

പൗലൊസിന് ഇതേ ധാരണ 1 കൊരിന്ത്യർ മൂന്നാം അധ്യായത്തിൽ ഉണ്ടായിരുന്നു: സഭ ദൈവത്തിന്റെ കൃഷിയിടമാണെന്നും ദൈവത്തിന്റെ കെട്ടിടമാണെന്നും, താൻ ഒരു ജ്ഞാനമുള്ള വിദഗ്ധശില്പിയാണെന്നും അവിടെ അവൻ പറഞ്ഞു (വാ. 9-10). വചനത്തിന്റെ ഈ ഭാഗത്തിൽ നമ്മുടെ കെട്ടുപണിയുടെ വേലയിൽ നാം ഉപയോഗിക്കുന്ന വസ്തുക്കളെക്കുറിച്ച് ശ്രദ്ധയുള്ളവരായിരിക്കണമെന്ന് പൗലൊസ് മുന്നറിയിപ്പ് നല്കുകയും ചെയ്തു. നാം മരം, പുല്ല്, വയ്ക്കോൽ എന്നിവകൊണ്ടല്ല, പൊന്നും, മുത്തും, വിലയേറിയ കല്ലുകളുംകൊണ്ട് പണിയണം (വാ. 10, 12).

കല്ലിനെ സംബന്ധിച്ച വചനത്തിന്റെ എല്ലാ ഭാഗങ്ങളെയും നാം ഒരുമിച്ചുവച്ചാൽ, വിലയേറിയ കല്ലുകൾ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരും വീണ്ടുംജനിച്ചവരും രൂപാന്തരപ്പെട്ടവരുമായ ജനത്തെ സൂചിപ്പിക്കുന്നുവെന്നു നാം കാണും. പുതിയ യെരൂശലേം പണിയപ്പെട്ടിരിക്കുന്ന എല്ലാ കല്ലുകളും ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരും വീണ്ടുംജനിച്ചവരും രൂപാന്തരപ്പെട്ടവരുമായ വിശുദ്ധന്മാരാണ്. നാം ജീവനുള്ള കല്ലുകളാണെന്ന് അപ്പൊസ്തലനായ പത്രൊസ് വ്യക്തമായി നമ്മോടു പറഞ്ഞിരിക്കുന്നു. ഇപ്പോൾ നാം രൂപാന്തരത്തിന്റെയും, ദൈവത്തിന്റെ കെട്ടിടമായി പണിയപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെയും പ്രക്രിയയിലാണ്. ഒന്നാമത് ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നു; അതിനുശേഷം അവൻ നമ്മെ പണിയുന്നു. അതുകൊണ്ട്, സാമഗ്രികളുടെ ഒരു കൂമ്പാരമല്ല യെരൂശലേം; അത് പണിയപ്പെട്ട വസ്തുക്കളുടെ ഒരു സംരചനയാണ്. പുതിയ യെരൂശലേം എന്ന നഗരം മുഴുവനും ദൈവത്തിന്റെ കെട്ടിടം, ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരും, വീണ്ടുംജനിച്ചവരും, രൂപാന്തരപ്പെട്ടവരുമായ സകല വിശുദ്ധന്മാരുടെയും ജീവനുള്ള സംരചനയാണ്.

### A. പന്ത്രണ്ട് കവാടങ്ങളിലുള്ള യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകളാൽ പഴയനിയമ വിശുദ്ധന്മാർ പ്രതിനിധികരിക്കപ്പെടുന്നു

പുതിയ യെരൂശലേം ഒന്നാമത് പഴയനിയമ വിശുദ്ധന്മാരാൽ സംരചിക്കപ്പെട്ടിരിക്കുന്നു. ഇത് 21:12-ലൂടെ തെളിയിക്കപ്പെടുന്നു: നഗരത്തിന്റെ കവാടങ്ങളിൽ യിസ്രായേൽ പുത്രന്മാരുടെ പന്ത്രണ്ട്

ഗോത്രങ്ങളുടെ പേരുകൾ കൊത്തിയിട്ടുണ്ടെന്ന് അവിടെ പറയുന്നു. ഓരോ കവാടവും ഒരു ഗോത്രത്തിന്റെ പേരു വഹിക്കുന്നു. നഗരത്തിന്റെ കവാടങ്ങൾ ജീവനുള്ള വ്യക്തികളാണെന്നു സൂചിപ്പിക്കുന്ന ഒരു അടയാളമാണ് ഇത്. ഒരു നിലവിളക്കെന്ന നിലയിൽ സഭയുടെ പ്രാധാന്യം പ്രകാശിപ്പിക്കുന്നതിനുവേണ്ടി അത് പ്രകാശിക്കുന്നതാണെന്ന് നാം കണ്ടു. ഈ കവാടങ്ങളുടെ യഥാർഥ പൊരുളും പ്രാധാന്യവും നാം അറിയേണ്ടത് ആവശ്യമാണ്.

കവാടങ്ങൾ ഒന്നാമത് നഗരത്തിനുവേണ്ടി പ്രചരണത്തിനുള്ള മുഖാന്തരമായും, പിന്നെ നഗരത്തിലേക്കുള്ള പ്രവേശനത്തിനായും പ്രവർത്തിക്കുന്നു. കവാടത്തിലൂടെ എന്തിനെങ്കിലും പ്രവേശിക്കുവാൻ കഴിയുന്നതിനുമുമ്പ് ആദ്യമായി അവയിൽനിന്ന് ചിലത് പുറത്തേക്കുപോകണം. അവയിൽനിന്നും പുറത്തുപോകുന്നത് അവയിലൂടെ എന്തിനെയെങ്കിലും മടക്കിക്കൊണ്ടുവരും. അതുകൊണ്ട്, കവാടങ്ങൾ ഒന്നാമത് പ്രചരണത്തിനുള്ള മാർഗമായും, പിന്നെ പ്രവേശനകവാടങ്ങളായും പ്രവർത്തിക്കുന്നു.

യെഹൂദന്മാരാൽ സുവിശേഷം ആദ്യം പ്രസംഗിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തുവെന്ന കാര്യം ദയവുചെയ്ത് ഓർക്കുക. ഉദാഹരണത്തിന്, പത്രൊസും പൗലൊസും യെഹൂദന്മാരായിരുന്നു. ഇക്കാരണത്താൽ, രക്ഷ യെഹൂദന്മാരിൽ നിന്നാണെന്ന് കർത്താവ് ശമര്യാക്കാരി സ്ത്രീയോടു പറഞ്ഞു (യോഹ. 4:22). മറ്റൊരു രീതിയിൽ പറഞ്ഞാൽ, സുവിശേഷം എന്ന സുവാർത്ത യെഹൂദജനത്തിൽനിന്നും പുറത്തുവന്നു. അതുകൊണ്ട്, പ്രസംഗിക്കുന്നതിനും വ്യാപനത്തിനുംവേണ്ടിയുള്ള കവാടങ്ങളാണ് യിസ്രായേൽമക്കളായ പഴയനിയമ വിശുദ്ധന്മാർ. യെശയ്യാവും, യിരെമ്യാവും, ദാനീയേലും, യെഹെസ്കേലും, ചെറിയ പ്രവാചകന്മാരും ഉൾപ്പെടെയുള്ള സകല പഴയനിയമ പ്രവാചകന്മാരും പ്രസംഗകരായിരുന്നു. യെശയ്യാവ് വളരെയധികം പ്രസംഗിക്കുകയും, യെശയ്യാവ് 53-ൽ രേഖപ്പെടുത്തിയിരിക്കുന്ന നിസ്തുലമായ സുവിശേഷദൂത് പ്രഖ്യാപിക്കുകയും ചെയ്തു. യോഹന്നാൻ സ്നാപകനും അപ്പൊസ്തലന്മാരുമെല്ലാം യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ പിൻതുടർച്ചക്കാരായിരുന്നു. അങ്ങനെ, യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളാണ് കവാടങ്ങൾ; അതിലൂടെ പുതിയ യെരൂശലേമിന്റെ സമ്പന്നത മനുഷ്യവർഗ്ഗത്തിന് ലഭ്യമാകുന്നു.

ഈ കവാടങ്ങളിൽനിന്നും പുറത്തുവന്ന സഹായത്തിന് ഒരു ഫലമുണ്ടായിരുന്നു; ഈ ഫലം സുവിശേഷം പ്രസംഗിക്കുന്നതിലൂടെ കൊണ്ടുവരപ്പെട്ട ജനമാണ്. നാം എല്ലാവരും യെഹൂദകവാടത്തിലൂടെ പുതിയ യെരൂശലേമിലേക്കു പ്രവേശിച്ചിരിക്കുന്നു. ചിലർ ഈ പ്രയോഗത്തെ വിലമതിക്കുന്നില്ലെങ്കിലും

ഞാൻ തീർച്ചയായും വിലമതിക്കുന്നു. ഞാൻ ഒരു ജാതീയകവാടത്തിലൂടെയല്ല പ്രവേശിച്ചത്. ഞാൻ പ്രവേശിച്ചത് യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിലൊന്നിന്റെ പേരു വഹിക്കുന്ന കവാടത്തിലൂടെയാണ്. ഒരു ബ്രിട്ടീഷ് പേരോ, ഒരു ജർമൻ പേരോ, ഒരു ജാതീയപേരോ വഹിക്കുന്ന കവാടത്തിലൂടെ നാം കടന്നുവന്നു എന്ന് നാം ഒരിക്കലും പറയരുത്. അങ്ങനെയുള്ള പേരുകൾ പുതിയ യെരൂശലേമിൽ ഇല്ല. കവാടങ്ങളെ സംബന്ധിച്ചിടത്തോളം യിസ്രായേൽമക്കളുടെ പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകൾ മാത്രമേയുള്ളൂ. അവ പ്രചരണത്തിനും പ്രവേശനത്തിനുമുള്ള കവാടങ്ങളാണ്. നാം കണ്ടതുപോലെ, പഴയനിയമ വിശുദ്ധന്മാർ ആ നഗരത്തിന്റെ ഘടകാംശങ്ങളാണെന്ന് ഈ പേരുകൾ സൂചിപ്പിക്കുന്നു.

### B. പന്ത്രണ്ട് അടിസ്ഥാനങ്ങളിലുള്ള കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകളാൽ പുതിയനിയമ വിശ്വാസികൾ പ്രതിനിധീകരിക്കപ്പെടുന്നു

വാക്യം 14 പറയുന്നു, "നഗരത്തിന്റെ മതിലിന് പന്ത്രണ്ട് അടിസ്ഥാനങ്ങൾ ഉണ്ടായിരുന്നു, അവയുടെമേൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പന്ത്രണ്ടു പേരുകൾ ഉണ്ടായിരുന്നു." പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകൾ മതിലിന്റെ പന്ത്രണ്ട് അടിസ്ഥാനങ്ങളിലുണ്ടെന്ന വസ്തുത സൂചിപ്പിക്കുന്നത് പുതിയ യെരൂശലേം യിസ്രായേൽ പ്രതിനിധീകരിക്കുന്ന പഴയനിയമ വിശുദ്ധന്മാർ മാത്രം ചേരുന്നതല്ല, പിന്നെയോ അപ്പൊസ്തലന്മാർ പ്രതിനിധീകരിക്കുന്ന പുതിയനിയമ വിശ്വാസികളും ചേരുന്നതാകുന്നു എന്നാണ്. പുതിയനിയമ വിശ്വാസികൾ കവാടത്തിനുവേണ്ടിയല്ല; അവർ മതിലിനുവേണ്ടിയാണ്. കവാടങ്ങൾ പ്രചരണത്തിനും പ്രവേശനത്തിനുമാണെങ്കിൽ, മതിൽ വേർപാടിനും സംരക്ഷണത്തിനും വേണ്ടിയാണ്. മറ്റൊരു ദൂതിൽ നമുക്ക് കവാടത്തെയും മതിലിനെയുംകുറിച്ച് വിശദമായി ചിന്തിക്കാം.

## VIII. അമൂല്യവസ്തുക്കൾകൊണ്ടു പണിതിരിക്കുന്നു

പുതിയ യെരൂശലേം എന്ന നഗരം അമൂല്യവസ്തുക്കൾ കൊണ്ടു പണിയപ്പെട്ടിരിക്കുന്നു. നഗരം മൂന്നു തരത്തിലുള്ള വിലയേറിയ കല്ലുകൾകൊണ്ട് പണിതിരിക്കുന്നു; അത് ത്രിയേക ദൈവത്താലുള്ള കെട്ടുപണിയെ സൂചിപ്പിക്കുന്നു. ഒന്നാമത്, നഗരത്തിന്റെ വീഥി സ്വർണംകൊണ്ടുള്ളതാണ് (വാ. 18, 21). നഗരത്തിന്റെ ദൃഢമായ നിലനില്പിനുവേണ്ടിയുള്ള മൂലകത്തെ ഉളവാക്കിക്കൊണ്ട്, ദൈവത്തിന്റെ ദിവ്യപ്രകൃതത്തിന്റെ അടയാളമായ സ്വർണം സ്രോതസ്സായ പിതാവിനെ

സൂചിപ്പിക്കുന്നു. രണ്ടാമത്, നഗരത്തിന്റെ പന്ത്രണ്ട് കവാടങ്ങൾ മുത്തുകളാണ്; അത് പുത്രന്റെ ജയകരമായ മരണത്തെയും, ജീവൻ-പകരുന്ന പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു: അതിലൂടെ നഗരത്തിലേക്കുള്ള പ്രവേശനം നേടുന്നു. മൂന്നാമത്, നഗരത്തിന്റെ മതിലും അതിന്റെ അടിസ്ഥാനവും വിലയേറിയ കല്ലുകൾകൊണ്ട് പണിതിരിക്കുന്നു. തന്റെ അഭിവ്യാപിക്കുന്ന തേജസ്സിൽ സംഘാതമായി ദൈവത്തെ ആവിഷ്കരിക്കേണ്ടതിന് ദൈവത്തിന്റെ നിത്യനിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടി വീണ്ടെടുക്കപ്പെട്ടവരും വീണ്ടുംജനിച്ചവരുമായ വിശുദ്ധന്മാരെ വിലയേറിയ കല്ലുകളായി രൂപാന്തരപ്പെടുത്തുന്ന ആത്മാവിന്റെ വേലയെ ഇതു സൂചിപ്പിക്കുന്നു. ഏദെൻതോട്ടത്തിൽ ഈ മൂന്നുതരം അമൂല്യവസ്തുക്കൾ വെറും സാമഗ്രികളായിരുന്നുവെങ്കിൽ (ഉല്പ. 2:11-12), പുതിയ യെരൂശലേം എന്ന നഗരത്തിൽ ഈ വിലയേറിയ കല്ലുകൾ അവന്റെ സംഘാത ആവിഷ്കാരം എന്ന ദൈവത്തിന്റെ നിത്യോദ്ദേശം നിവർത്തിക്കുന്നതിനുവേണ്ടി പണിയപ്പെടുന്നു.

## A. നഗരത്തിന് സ്വർണം

പുതിയ യെരൂശലേം ഒരു സ്വർണമലയാണ്. ഒരു സ്വർണമലയെന്ന നിലയിൽ പുതിയ യെരൂശലേം ആത്യന്തികവും, നിസ്തുലവും, നിത്യവുമായ പൊൻനിലവിളക്കാണ്. മുൻകുറിശാസ്ത്രത്തിൽ പൊന്ന് ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. അതുകൊണ്ട്, ഈ നഗരം തികച്ചും ദൈവത്തിന്റെ ദിവ്യപ്രകൃതത്താൽ സംരചിക്കപ്പെട്ടതാണ്. ഈ സ്വർണം നിർമലവും സുതാര്യവും ആണ്. ദൈവത്തിന്റെ ദിവ്യപ്രകൃതംകൊണ്ടു പണിതിരിക്കുന്ന പുതിയ യെരൂശലേമിന്റെ ദർശനം നാം കാണുന്നുവെങ്കിൽ, ദൈവത്തിന്റെ പ്രകൃതത്തിനു സ്വന്തമല്ലാത്ത സകലത്തെയും നാം നിരാകരിക്കുകയും അതിനോടു യോജിക്കാത്ത ഏതൊരു കാര്യത്തെയും നാം അവഗണിക്കുകയും ചെയ്യും. ഇന്ന് സഭയും, ഇഷ്ടിക, കളിമണ്ണ്, മരം എന്നീ വസ്തുക്കൾ കൊണ്ടല്ല, ദൈവത്തിന്റെ പ്രകൃതത്താൽ പണിയപ്പെടണം.

## B. പന്ത്രണ്ട് അടിസ്ഥാനങ്ങൾക്ക് പന്ത്രണ്ട് വിലയേറിയ കല്ലുകൾ

നഗരമതിലിന്റെ അടിസ്ഥാനങ്ങൾ വിലയേറിയ കല്ലുകൾകൊണ്ട് അലങ്കരിച്ചിരിക്കുന്നുവെന്ന് 19-ഉം 20-ഉം വാക്യങ്ങളിൽ നാം കാണുന്നു. നഗരത്തിന്റെ അടിസ്ഥാനത്തിന്റെ പന്ത്രണ്ട് തട്ടുകളാകേണ്ടതിന് വിലയേറിയ കല്ലുകളായി പന്ത്രണ്ട് അപ്പൊസ്തലന്മാരും രൂപാന്തരപ്പെട്ടിരിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു.

## C. മതിലിന് സൂര്യകാന്തം

വാക്യം 18 പറയുന്നു, "മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു." സൂര്യകാന്തം ദൈവത്തിന്റെ ദൃഷ്ടിഭാവമാണ് (4:3). തന്മൂലം, നിത്യതയിലുള്ള ദൈവത്തിന്റെ സംഘാത് ആവിഷ്ക്കാരമായ മുഴുവൻ നഗരവും ദൈവത്തിന്റെ ദൃഷ്ടിഭാവം വഹിക്കുന്നുവെന്ന് സൂര്യകാന്തംകൊണ്ടുള്ള മതിൽ സൂചിപ്പിക്കുന്നു. നാം പുതിയ യെരൂശലേമിൽ ആയിരിക്കുമ്പോൾ, മുഴുവൻ നഗരത്തിനും ഒരേ ദൃഷ്ടിഭാവം, സൂര്യകാന്തത്തിന്റെ ദൃഷ്ടിഭാവം ഉണ്ടായിരിക്കുന്നതു കാണുമ്പോൾ നാം ആശ്ചര്യപ്പെടും. നാം എല്ലാവരും ഒരേ കാര്യം സംസാരിക്കണമെന്നും, ഒരേ കാര്യം ആവിഷ്ക്കരിക്കണമെന്നും, നമുക്ക് ഒരേ ദൃഷ്ടിഭാവം ഉണ്ടായിരിക്കണമെന്നും ഇത് അർഥമാക്കുന്നു. എന്നാൽ ഇന്നത്തെ ക്രിസ്ത്യുമതം വളരെ വ്യത്യസ്തമാണ്, കാരണം അവിടെ ഓരോരുത്തന്നും അവന്റെ സ്വന്തം നിറവും, അവന്റെ സ്വന്തം അഭിപ്രായവും ഉണ്ടായിരിക്കുകയും, അവന്റെ സ്വന്തം മനസ്സ് സംസാരിക്കുകയും ചെയ്യുന്നു. എന്നാൽ പുതിയ യെരൂശലേമിന് ഒരു ദൃഷ്ടിഭാവം, ഒരു ആവിഷ്ക്കാരം, ഒരു നിറം മാത്രമേയുള്ളൂ.

## D. പന്ത്രണ്ടു കവാടങ്ങൾക്ക് പന്ത്രണ്ടു മുത്തുകൾ

വാക്യം 21 പറയുന്നു, "പന്ത്രണ്ടു കവാടങ്ങളും പന്ത്രണ്ടു മുത്തുകളായിരുന്നു; ഓരോ കവാടവും ഓരോ മുത്തുകൊണ്ടുള്ളതായിരുന്നു." അങ്ങനെ, നഗരത്തിന്റെ കവാടങ്ങൾപോലും അമൂല്യമായ വസ്തുക്കൾകൊണ്ട് പണിയപ്പെട്ടിരുന്നു.